# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 06 No. 30 THE ONLINE OFFICIAL NEWS BULLETIN 2023 July 29


## SEASON OF PENTECOST | പെന്തിക്കോസ്തികാലം | ܙܒܢܐ ܕܦܢܛܩܘܣܛܝ

2023 ആഗസ്റ്റ് ഓബ്

| ܚܕܒܫܒܐ SUNDAY | ܬܪܝܢ ܒܫܒܐ MONDAY | ܬܠܬܐ ܒܫܒܐ TUESDAY | ܐܪܒܥܐ ܒܫܒܐ WEDNESDAY | ܚܡܫܐ ܒܫܒܐ THURSDAY | ܥܪܘܒܬܐ FRIDAY | ܫܒܬܐ SATURDAY |
|---|---|---|---|---|---|---|
| 30 9th Sunday after Pentecost ♪8 | 31 Comme. St. Anthimus of Constantinople 736th Memorial Mar Gregorios Bar Hebraus ♪4 | 1 Shunoyo Fast Begins (15 Day) Comme. of the Martyrs Marth Smooni & her 7 Children and Mar Eliazar, their teacher 11th Mem. of Poulose Mar Pachomios OIC (Bethany Asram Perunad) ♪8 | 2 ♪4 | 3 ♪8 | 4 ♪4 | 5 ♪8 |



ഉമ്മൻ ചാണ്ടിയുടെ ശവസംസ്കാരശുശ്രൂഷയിൽ പങ്കെടുക്കുന്നതിനായ് പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിലെത്തിയ കോൺഗ്രസ് പാർട്ടിയുടെ  നതാവ് രാഹുൽ ഗാന്ധി പ. ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുമായ് സൗഹൃദ കൂടികാഴ്ച നടത്തി. കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്, അൽമായ ട്രസ്റ്റി റോണി വർഗ്ഗീസ് എബ്രഹാം, മുൻ എം. പി. കെ. സി. വേണുഗോപാൽ തുടങ്ങിയവർ സമീപം.



മെത്രാഭിഷേക സ്ഥാനാരോഹണത്തിന്റെ ഒന്നാം വാർഷിക ദിനത്തിൽ പരിശുദ്ധ കാതോലിക്കാ ബാവായോടൊപ്പം മെത്രാപ്പോലീത്താമാർ ദേവലോകം അരമനയിൽ ഒന്നിച്ചു ചേർന്നു.



അഖില മലങ്കര ഓർത്തഡോക്സ് സന്യാസ സമൂഹം ഏകദിന സമ്മേളനം ശൂരനാട് ബസലേൽ കോൺവെന്റിൽ നടന്നു. പ്രസിഡന്റ് ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത സമ്മേളനം ഉദ്ഘാടനം ചെയ്തു. ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത., ഫാ. മത്തായി ഒ.ഐ.സി., സിസ്റ്റർ ദീന എന്നിവർ പ്രസംഗിച്ചു.



മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രഥമ ബാഹ്യകേരള ഭദ്രാസന മെത്രാപ്പോലീത്താ ഗോവയിൽ കബറടങ്ങിയിരിക്കുന്ന അൽവാരീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 100–ാം ഓർമ്മപ്പെരുന്നാളും, ബോംബെ –അങ്കമാലി ഭദ്രാസനാധിപനായിരുന്ന ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ 25–ാം ഓർമ്മപ്പെരുന്നാളും ആചരിക്കുന്നതിനോടനുബന്ധിച്ച് പരുമലയിൽ സംഘടിപ്പിച്ച 'പിതൃസ്മൃതി' അനുസ്മരണ സമ്മേളനം ഡോ. ശശി തരൂർ ഉദ്ഘാടനം ചെയ്യുന്നു.



മലങ്കര ഓർത്തഡോക്സ് യുവജനപ്രസ്ഥാനം ആനുവൽ ജനറൽ അസംബ്ലി ഇടുക്കി ഗത്സീമോൻ അരമനയിൽ ജൂലൈ 22–ന് നടന്നു. ഡോ. ഗീവർഗീസ് മാർ യൂലിയോസ് അദ്ധ്യക്ഷത വഹിച്ചു. സഖറിയാ മാർ സേവേറിയോസ് ഉദ്ഘാടനം ചെയ്തു.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വിശ്വാസ പഠനം

# “നീതിമാന്മാരുടെ കൂടാരത്തിൽ മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദമെന്ന് ദാവീദു മുഖാന്തിരം പ. റൂഹാ പാടി”



## ഡോ. ഗീവർഗീസ് യൂലിയോസ് മെത്രാപ്പോലീത്താ

‘വി. കുർബ്ബാന: കൂടിവരവിന്റെ കൂദാശ’ എന്ന ബഹു. ഡോ. ജോർജ് കോശി അച്ചന്റെ ഒന്നാം അധ്യായത്തിന് ആസ്വാദനം എഴുതുമ്പോൾ വി. കുർബ്ബാനക്കായി കൂടിവരുമ്പോൾ നമസ്കാരങ്ങൾ പൂർത്തീകരിച്ചതിനുശേഷം പഴയ നിയമ വായനയ്ക്ക് മുമ്പായി വായനക്കാരൻ (കോറൂയോ) നടത്തുന്ന ഈ ശ്രദ്ധ ക്ഷണിക്കൽ ഓർക്കാതിരിക്കുവാൻ കഴിയില്ലല്ലോ. “ഉല്ലാസത്തിന്റെയും ജയത്തിന്റെയും ഘോഷം നീതിമാന്മാരുടെ കൂടാരങ്ങളിൽ ഉണ്ട്; നമ്മുടെ കർത്താവിന്റെ വലങ്കൈ വീര്യം പ്രവർത്തിക്കുന്നു” എന്ന് 118-ാം സങ്കീർത്തനം 15-ാം വാക്യത്തിൽ വായിക്കുന്നു. കർത്താവിന്റെ കരങ്ങൾ ഉയർന്നിരിക്കുന്നു; അത് വീര്യം പ്രവർത്തിക്കുന്നു. ആകയാൽ ഞാൻ മരിക്കയില്ല; ജീവനോടെയിരുന്ന് അവന്റെ പ്രവൃത്തികളെ വർണ്ണിക്കുമെന്നും നീതിയുടെ വാതിലുകൾ എനിക്കായി തുറന്നു; ഞാൻ അവയിൽ കൂടി കടന്ന് കർത്താവിനെ സ്തോത്രം ചെയ്യുമെന്നും അവിടെ കർത്താവ് എനിക്ക് ഉത്തരമരുളുമെന്നും രക്ഷ നൽകുമെന്നുമുള്ള ഈ സങ്കീർത്തന ഭാഗത്ത് രക്ഷകനായ ക്രിസ്തുവിനെ കുറിച്ചുള്ള വ്യക്തമായ പ്രവചനങ്ങളും കാണുന്നു. ‘വീടു പണിയുന്നവൻ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നിരിക്കുന്നു. ഇത് ദൈവത്താൽ സംഭവിച്ചു; മനുഷ്യദൃഷ്ടിയിൽ ആശ്ചര്യമായിരിക്കുന്നു.’ ആരാധനയയ്ക്കായി കൂടിവരുന്ന ദിവസങ്ങൾ കർത്താവിന്റെ ദിവസങ്ങളാകയാൽ നാം സന്തോഷിച്ച് ആനന്ദിക്കണമെന്നും ‘കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ’ എന്ന് വിശ്വസിച്ച് അവനെ ആരാധിക്കുന്നവൻ അനുഗ്രഹിക്കപ്പെട്ടവനാകുമെന്നും സങ്കീർത്തനക്കാരൻ ഇവിടെ പ്രവചിച്ചു പറയുന്നു! ആരാധനയ്ക്കായുള്ള ഓരോ കൂടിവരവും ഈ അനുഭവമാണെന്ന് ഓർക്കണം.

‘കൂദാശകളുടെ രാജ്ഞിയെന്നും കൂദാശകളുടെ കൂദാശയെന്നുമൊക്കെ വി. കുർബ്ബാനയെക്കുറിച്ച് പിതാക്കന്മാർ പഠിപ്പിക്കുമ്പോഴും’ അറിയപ്പെടുന്ന എല്ലാ നാമങ്ങളും ഒരുമിച്ചു ചേർത്തുവച്ചാലും ആഴവും അളവും അർത്ഥവും പൂർണ്ണമായി വ്യക്തമാക്കാനാവാത്ത മഹാരഹസ്യമാണ്. ‘പൂർത്തീകരണങ്ങളുടെ പൂർത്തീകരണമായ’ വി. യവുക്കറിസ്ത്യാ എന്ന ആശയത്തോടെയാണ് അച്ചൻ ഈ അധ്യായം ആരംഭിക്കുന്നത്.

വി. കുർബ്ബാന എന്ന കൂദാശയ്ക്കായി ഉപയോഗിച്ചിരിക്കുന്ന പേരുകളും അവയുടെ അർത്ഥവ്യാപ്തിയും വിവിധ കാലഘട്ടങ്ങളിലും പാരമ്പര്യങ്ങളിലും ആയതിന് വന്നുചേർന്ന വ്യാഖ്യാനങ്ങളും അർത്ഥങ്ങളും ആഴമായി പഠനം നടത്തിയിരിക്കുന്നു.

‘കാറേബ്’ എന്ന സുറിയാനി മൂലത്തിൽ നിന്നും ‘കൂറോബോ’ (കൂടിവരിക) എന്നും ‘കുർബോനോ’ (അർപ്പിക്കുക) എന്നുമുള്ള വാക്കുകൾ ലഭിക്കുന്നു. അർപ്പിക്കുവാനായി, സമർപ്പിക്കുവാനായി കൂടിവരിക എന്ന ആശയം ഈ പദസമന്വയത്തിൽ നിന്നും വ്യക്തമാണല്ലോ. “ബഹുമതിപൂർവ്വം ഞാൻ നിന്റെ ഭവനത്തിലേക്ക് വന്ന് എന്റെ നേർച്ചകളെ (അഥവാ ഞാൻ ആകുന്ന നേർച്ചയെ) നിനക്ക് കഴിക്കുമെന്ന് (സങ്കീ. 5:7) പ്രാർത്ഥിച്ചുകൊണ്ടാണല്ലോ പ. സഭയാകുന്ന കൂടാരത്തിലേക്ക് നാം പ്രവേശിക്കുന്നത്. വി. ദേവാലയമാകുന്ന ‘സാലോക്യ’ത്തിലേക്ക് നാം എത്തി ദൈവസാന്നിധ്യം അനുഭവിച്ച് നമ്മുടെ ബോധങ്ങളും വിചാരങ്ങളും അവനിലേക്ക് ഉയർത്തി ‘സാരൂപ്യ’ത്തിൽ വസിച്ച് അവനെ അനുഭവിക്കുന്നതിലൂടെ നാം ‘സായൂജ്യം’ പ്രാപിക്കുന്നുവെന്ന് ഭാരതീയ ചിന്താപദ്ധതിയിൽ മനസ്സിലാക്കാം.

‘കൂറോബോ’ (കൂടിവരവ്), ‘കുർബോനൊ’ (സമ്പൂർണ്ണ സമർപ്പണം അഥവാ യാഗം) എന്നിവയ്ക്കു പുറമെ ‘ക്നുശിയോ’ ‘റോസോ’, ‘ഗുമുർത്തോ’ അഥവാ സംഗമം, രഹസ്യം, പൂർണ്ണത എന്നിങ്ങനെ അനേകം പദങ്ങൾ വി. കുർബ്ബാന വ്യാഖ്യാനം എഴുതിയ മോശ ബർകീപ്പാ (+903) ഉപയോഗിക്കുന്നതായി ജോർജ് കോശി അച്ചൻ ചൂണ്ടിക്കാണിക്കുകയും ഓരോ പദങ്ങളുടെയും വിശാലമായ അർത്ഥതലങ്ങൾ മൂലഭാഷയെ അടിസ്ഥാനപ്പെടുത്തി പദോൽപത്തി (Etymology) വിശകലനത്തിലൂടെ ഉപന്യസിക്കുകയും ചെയ്യുന്നു.




ഇതിൽ ‘ക്നുശിയൊ’ (Assembly) എന്ന പദം പ്രത്യേകം പഠനം അർഹിക്കുന്നു. സംഗമം, സമ്മേളനം, ഒരുമിച്ച് ഏകീകരണം എന്നെല്ലാം അർത്ഥം ലഭിക്കുന്ന ഈ പദത്തിന് സമാഗമന കൂടാരത്തിലെ കൃപാസനത്തിനു മുന്നിലുള്ള കൂടിവരവു മുതലുള്ള പാരമ്പര്യവും അർത്ഥവുമുണ്ട്. ‘Qahal’ എന്ന എബ്രായപദത്തിന് വിശുദ്ധമായ വലിയ കൂടിവരവ് (holy Congrigational Assembly) (ലേവ്യ 22:32) എന്ന് അർത്ഥം. എന്നാൽ സമാഗമന കൂടാരത്തിന് പുറത്ത് പാളയത്തിലുള്ള അവരുടെ കൂടിവരവിന് ‘Edah’ എന്ന പദമാണ് ഉപയോഗിക്കുന്നത്. ‘ക്നുശത്തോ’ എന്ന അരമായ പദത്തിന്റെ പേർഷ്യൻ വാക്ക് ‘ക്യാനേഷ്’ എന്നാണെന്നും ആ പദത്തിൽ നിന്നുമാണ് ‘കാനേഷുമാരി’ എന്ന പദം ജനസംഖ്യാ കണക്കെടുപ്പിന് ഉപയോഗിക്കുന്നത് എന്നും സി. മാധവന്റെ ‘അഭിനവ മലയാള നിഘണ്ടു’ ഉദ്ധരിച്ചുകൊണ്ട് ബഹു. അച്ചൻ സമർത്ഥിക്കുന്നത് ഏറെ ശ്രദ്ധേയം തന്നെ.

എഡേസ്സായിലെ മാർ യാക്കോബ്, ഡാറായിലെ മാർ യോഹന്നാൻ, മാർ യാക്കോബ് ബർസ്ലീബി എന്നിവർ ഉപയോഗിച്ചിട്ടുള്ള ‘സംസർഗ്ഗം’ ‘അർപ്പണം’ ‘ബലി’ (ദെബഹോ - Sacrifice) എന്നിങ്ങനെയുള്ള അനേകം പദങ്ങളുടെ വിശകലന പഠനത്തിലൂടെ അതിമനോഹരമായ ഒരു ആരാധനാ ധ്യാനം വായനക്കാർക്ക് അച്ചൻ ഒരുക്കിയിരിക്കുന്നു.

കൂടാതെ ‘തെശ്മെശ്ത്താ’ (Liturgy) കൂദാശ (കാദേശ്-വിശുദ്ധം-Qedesi) സ്തോത്രാർപ്പണം (യൂക്കറിസ്റ്റ്-Eucharistia), അന്ത്യഅത്താഴം, തിരുവത്താഴം, കർത്തൃമേശ, അപ്പം നുറുക്കൽ എന്നിങ്ങനെയുള്ള പൊതുനാമങ്ങളും വിവിധ സഭകൾ അവരുടെ ആരാധനാ പാരമ്പര്യം അനുസരിച്ച് ഉപയോഗിക്കുന്നുണ്ട്. ഇതിൽ Liturgia എന്ന പദം Laity + Energy (work of people) അഥവാ വിശ്വാസികളുടെ പ്രവൃത്തികളിൽ നിന്നും ലഭ്യമാകുന്നവയുടെ സമ്പൂർണ്ണ കാഴ്ച അഥവാ സമർപ്പണം എന്ന അർത്ഥം വരുന്ന പദമാണ്. സമാഗമന കൂടാരത്തിൽ തിരുനിവാസത്തിനു മുന്നിൽ കൂടിവന്ന് കൃപാസനത്തിൽ നിന്നും അനുഗ്രഹം പ്രാപിക്കുകയും ചെയ്യുന്ന ദൈവ-മനുഷ്യ സംസർഗ്ഗമാണ് ആരാധനയിൽ സംഭവിക്കുന്നത്!

രണ്ടാം വത്തിക്കാൻ സുന്നഹദോസിനു മുമ്പ് കത്തോലിക്കാ സഭയിൽ നടമാടിയിരുന്ന പല ആരാധനാ വൈകല്യങ്ങളും അറിവില്ലായ്മകൊണ്ട് പരി

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ഷ്ക്കാരം എന്ന് തെറ്റുധരിച്ച് നാം അനുകരിക്കുന്നുണ്ടെന്ന് ബഹു. അച്ചൻ ഓർമ്മിപ്പിക്കുന്നു.

അപ്പോസ്തോലിക പിതാവായ വി. ഇഗ്നാത്തിയോസ് ഒരു പള്ളിയിൽ ഒരു ബലിപീഠവും ഒരു കുർബ്ബാനയും ഒരു ദിവസം എന്ന് പഠിപ്പിച്ചിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായി 'മഹാ ഇടവകകളിൽ മഹാകുർബാനകളായി 3, 5, 7 എന്നിങ്ങനെ 101 വരെ ബലിപീഠങ്ങളും, വി. കുർബാനകളും നടക്കുന്നതിനെയും ഒരു ദിവസം വിവിധ സമയത്ത് പല കുർബ്ബാനകൾ നടക്കുന്നതിനെയും അച്ചൻ ഹാസ്യരസത്തിൽ വിമർശിക്കുന്നുണ്ട്. അതുപോലെ തന്നെ ഒരു ഇടവകയിൽ ഒരേ സമയത്ത് വിവിധ സ്ഥലങ്ങളിലായി വിവിധ ഭാഷകളിലൊ വിവിധ പ്രായക്കാർക്കുവേണ്ടിയോ ആയി വി. കുർബ്ബാന അർപ്പിക്കുന്നതിനോടും അച്ചൻ വിയോജിക്കുന്നുണ്ട്.

ഇക്കാര്യത്തിൽ എന്റെ പഠനത്തിൽ നിന്നും ഇന്നത്തെ പ്രായോഗിക സാഹചര്യങ്ങളിൽ നിന്നുമുള്ള ഒരു അഭിപ്രായം അച്ചനോട് യോജിക്കുന്നതല്ല. ഒന്നാമത് മോറാനായ പെരുന്നാളുകളിൽ നമ്മുടെ ദേവാലയങ്ങളിൽ ഒരു വി. കുർബാന മാത്രമെ അർപ്പിക്കുന്നുള്ളു. എന്നാൽ മറ്റു പെരുന്നാളുകളിൽ (വിശുദ്ധരുടെ ഓർമ്മ, പള്ളിസ്ഥാപന പെരുന്നാൾ മുതലായവ) കുറേക്കൂടെ ആഘോഷമായി കൂടുതൽ ത്രോണോസുകളിൽ ഒന്നിച്ച് വി. കുർബ്ബാന അർപ്പിച്ചുവരുന്നുണ്ട്. ജനബാഹുല്യം നിമിത്തവും എല്ലാവർക്കും വി. കുർബ്ബാന കാണുന്നതിനും അനുഭവിക്കുന്നതിനും കൂടുതൽ വൈദികർക്ക് ബലി അർപ്പിക്കുവാനുമൊക്കെയുള്ള ക്രമീകരണമായി ഇതിനെ കണ്ടാൽ മതിയാകുമെന്ന് തോന്നുന്നു. ഒരു കുർബാനയിൽ കാർമ്മികന് 1, 2, 3, 5 എന്നിങ്ങനെ കൂടുതൽ അപ്പം വയ്ക്കുവാൻ അനുവാദമുണ്ടല്ലോ. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ ഖണ്ഡിപ്പു നടത്തുവാനും വി. കുർബ്ബാന എല്ലാവർക്കും കൊടുക്കുവാനും ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ട് വി. മൂന്നിന്മേൽ കുർബാനയിൽ ഒഴിവാക്കുവാൻ കഴിയുമല്ലോ.

രണ്ടാമത്, വിശുദ്ധന്മാരുടെയും ഗുരുക്കന്മാരുടെയും ഒക്കെ ഓർമ്മപെരുന്നാളിൽ പങ്കെടുക്കുമ്പോൾ കൂടുതൽ കാർമ്മികർക്ക് വി. കുർബാന പ്രത്യേകം അർപ്പിക്കുന്നതിനും ഇതിലൂടെ അവസരം ലഭിക്കും. ഒരു കുന്നിൻനെറുകയിൽ ഒരു വിശുദ്ധന്റെ കബറോ തിരുശേഷിപ്പോ ഉള്ള, പരിമിത സ്ഥലസൗകര്യമുള്ള ഒരു ദേവാലയമെന്ന് കരുതുക (ഉദാ. മലയാറ്റൂർ പള്ളി, സിറിയയിലെയും തുർക്കിയിലെയും പള്ളികൾ). ആ മലയുടെ എല്ലാ ചെരിവുകളിലും വിശ്വാസികൾ പെരുന്നാളിൽ പങ്കെടുക്കുവാൻ എത്തിയിട്ടുണ്ട്; വൈദികരുമുണ്ട്. ഇന്നത്തെപ്പോലെ മൈക്ക് സിസ്റ്റമോ എൽ.ഇ.ഡി. സ്ക്രീനുകളോ ഇല്ലാത്ത കാലം. അപ്പോൾ ആ കുന്നിൽചെരുവിൽ പല ഭാഗങ്ങളിലായി താൽക്കാലിക മദ്ബഹാകൾ സജ്ജമാകുകയും ഒരേസമയത്ത് ഒരു വി. കുർബാന ആരംഭിക്കുകയും ദേവാലയത്തിലെ വലിയ പള്ളിമണിയുടെ സഹായത്താൽ സഹകാർമ്മികൻ സമയക്രമം പാലിക്കുകയും ചെയ്യുന്നു. ഏതു ക്രമമാണ് (തക്സാ) ഉപയോഗിക്കുന്നത് എന്ന് എല്ലാ കാർമ്മികരോടും നേരത്തെ പറയുകയും ചെയ്യും. അതുപോലെ തന്നെ വലിയ തീർത്ഥാടനങ്ങൾ നടക്കുന്ന ദേവാലയങ്ങളിൽ തീർത്ഥാടകരുടെ സൗകര്യത്തിന് അവർക്ക് വി. കുർബാനയിൽ സംബന്ധിക്കുവാനായി അതിരാവിലെ മുതൽ മൂന്നോ, നാലോ, അഞ്ചോ സമയങ്ങളിൽ വി. കുർബാന ക്രമീകരിക്കുന്നതിലും അനൗചിത്യമൊന്നും ഉണ്ടെന്ന് തോന്നുന്നില്ല.

മൂന്നാമത്, കോവിഡ് പോലെയുള്ള മഹാമാരികളുടെ കാലത്ത് ആളുകൾ കൂട്ടം കൂടുവാൻ കഴിയാതെ വന്ന സാഹചര്യങ്ങളിൽ കാർമ്മികരുടെ ലഭ്യതയനുസരിച്ച് ഒരേ പള്ളിയിൽ വിവിധ സമയത്ത് ആരാധന നടത്തുവാൻ നാം പഠിച്ചിരുന്നുവല്ലോ!

എന്നാൽ ഒരു വൈദികൻ ഒരു ദിവസം ഒരു വി. കുർബാന മാത്രമെ അർപ്പിക്കാവൂ എന്നതിൽ മാറ്റമൊന്നും ഉണ്ടാകുവാൻ പാടില്ല. കൂടുതൽ കുർബാനകൾ അർപ്പിക്കുമ്പോൾ കാർമ്മീകനിൽ യാന്ത്രിക ഭാവം വരുവാനും ആരാധന യാന്ത്രികമാവുന്നതിനും സാധ്യതയേറും. അതുപോലെതന്നെ ഒരു ബലിപീഠത്തിൽ (തബലൈത്താ) ഒരു ദിവസം ഒന്നിൽ കൂടുതൽ ബലി അർപ്പിക്കുന്നതും കാനോനികമായി പാടില്ലാത്തതാണ്. ഒരു ദിവസം ഒരു വി. കുർബാന അർപ്പിച്ച പുരോഹിതൻ മറ്റൊരു കുർബാനയിൽ മറ്റൊരു വൈദികന്റെ സഹകാർമ്മികനായി വി. മദ്ബഹായിൽ അംശവസ്ത്രങ്ങളോടുകൂടിയോ അല്ലാതെയോ നിൽക്കുന്നതും കാനോൻ ലംഘനമാണ്. എന്നാൽ ഇന്ന് ഒരു മെത്രാപ്പോലീത്തായോ, മറ്റ് വൈദികരോ കുർബാന അർപ്പിക്കുന്നുവെങ്കിൽ അതിനു മുമ്പ് അതിരാവിലെ ഒന്നോ രണ്ടോ ശുശ്രൂഷകരെ വിളിച്ച് വി. കുർബാന അർപ്പിക്കുകയും വീണ്ടും പ്രഭാതനമസ്കാരം മുതൽ വികാരിത്വം പ്രകടിപ്പിക്കുകയും അംശവസ്ത്രങ്ങൾ ധരിച്ച് വി. കുർബാനയിൽ സംബന്ധിക്കുകയും ഇതൊക്കെ ഓൺലൈനിൽ ലൈവ് കാണിക്കുകയുമൊക്കെ ചെയ്യുന്ന 'വിശ്വാസ വീരന്മാരെ' നാം കാണുന്നുണ്ട്. ഇങ്ങനെയുള്ള വികലഭക്തി നിരുത്സാഹപ്പെടുത്തേണ്ടുന്നതാണ്.

(തുടരും)



## കൊച്ചി സ്മാർട്ട് സിറ്റി – ഇൻഫോ പാർക്ക് കേന്ദ്രീകരിച്ച് സെന്റ് തോമസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ

മലങ്കര ഓർത്തഡോക്സ് സഭയുടെ അങ്കമാലി ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ കൊച്ചി സ്മാർട്ട് സിറ്റി – ഇൻഫോ പാർക്ക് കേന്ദ്രീകരിച്ച് സെന്റ് തോമസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ രൂപീകരിച്ചു. പ്രഥമ മീറ്റിംഗിനു ഭദ്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മാർ പോളിക്കാർപ്പോസ് നേതൃത്വം നൽകി.

കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക. **ഫാ. ക്രിസ് സെബി: 94477 84965. ഡീക്കൻ ജോർജി കെ. സണ്ണി: 9744797325**



**ജി. തോമസ് കോഴഞ്ചേരി രചിച്ച "വസന്തം വന്നപ്പോൾ" എന്ന കവിതാ സമാഹാരം കോഴഞ്ചേരിയിൽ നടന്ന ചടങ്ങിൽ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ പ്രകാശനം ചെയ്തു.**



**മെത്രാപ്പോലീത്താ സ്ഥാനാരോഹണത്തിന്റെ ഒന്നാം വാർഷിക ദിനത്തിൽ നവാഭിഷിക്തരായ ഏഴ് മെത്രാപ്പോലീത്താമാരും കോട്ടയം ദേവലോകം അരമനയിൽ വി. കുർബാനയിൽ സംബന്ധിച്ചു. സഖറിയാ മാർ സേവേറിയോസ് മുഖ്യ കാർമികനായും എബ്രഹാം മാർ സ്തേഫാനോസ്, ഡോ. ഗീവർഗ്ഗീസ് മാർ തെയോഫിലോസ്, ഡോ. തോമസ് മാർ ഈവാനിയോസ്, ഗീവർഗ്ഗീസ് മാർ പീലക്സീനോസ്, ഗീവർഗ്ഗീസ് മാർ പക്കോമിയോസ്, ഗീവർഗ്ഗീസ് മാർ ബർന്നബാസ് എന്നിവർ സഹകാർമികരായും വി. കുർബ്ബാന അർപ്പിച്ചു. തുടർന്ന് ദേവലോകം അരമനയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ പിതാക്കന്മാരുടെ കബറിടത്തിൽ ധൂപപ്രാർത്ഥന നടത്തി.**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



# ആരാണ് വിശുദ്ധർ?

**ഫാ. ഡോ. കെ. എം. ജോർജ്**

പ്രസിദ്ധ റഷ്യൻ സാഹിത്യകാരനായിരുന്ന ദസ്തയേവ്സ്ക്കിയുടെ ‘കാരമസോവ് സഹോദരന്മാർ’ അപൂർവ്വമായ ഉൾക്കാഴ്ചയും ആത്മിക ഭാവവുമുള്ള നോവലാണ്. അതിലെ ഫാദർ സോസിമ എന്ന സന്യാസിശ്രേഷ്ഠൻ ആഴമേറിയ ആത്മികതയുടെയും മനുഷ്യസ്നേഹത്തിന്റെയും പ്രതീകമാണ്. അദ്ദേഹം മരിച്ചപ്പോൾ ശവശരീരത്തിൽ നിന്ന് സുഗന്ധം പുറപ്പെടുമെന്ന് ആളുകൾ പ്രതീക്ഷിക്കുന്നുണ്ട്. കാരണം വിശുദ്ധരായ മനുഷ്യർ മരിച്ചു കഴിഞ്ഞാൽ അവരുടെ മൃതശരീരങ്ങളിൽ നിന്ന് ദിവ്യപരിമളം പുറപ്പെടുമെന്നും അത് അവരുടെ വിശുദ്ധിയുടെ ഉരകല്ലാണെന്നും റഷ്യയിൽ പരമ്പരാഗതമായ വിശ്വാസമുണ്ടത്രേ. ഫാദർ സോസിമയുടെ ആത്മിക തേജസ്സിൽ അസൂയ പൂണ്ടിരുന്ന ദുർമുഖനായ മറ്റൊരു സന്യാസി അദ്ദേഹത്തെ തേജോവധം ചെയ്യാൻ തക്കംപാർത്തിരിക്കയായിരുന്നു. സോസിമയുടെ മൃതദേഹം വച്ചിരുന്ന മുറിയിൽ നിന്ന് മൂക്കുപൊത്തിക്കൊണ്ട്, ദുർഗന്ധമെന്ന് വിളിച്ചുപറഞ്ഞ് എടുത്തു ചാടി, ആളിളക്കി ബഹളമുണ്ടാക്കുന്ന ഈ സന്യാസിയെ ദസ്തയേവ്സ്ക്കി ഭംഗിയായി ചിത്രീകരിച്ചിട്ടുണ്ട്. വിശുദ്ധിക്ക് വ്യക്തവും പ്രകടവുമായ അടയാളം തേടാനുള്ള ശ്രമം ക്രിസ്തീയസഭയിൽ പലപ്പോഴും നടന്നിട്ടുണ്ട്. ബാഹ്യമായ ചില അദ്ഭുത ലക്ഷണങ്ങൾ വച്ച് അളക്കുന്നതിലാണ് ജനങ്ങൾക്ക് താൽപര്യം.

ആരാണ് വിശുദ്ധർ? നിർവ്വചിക്കുക അത്ര എളുപ്പമല്ല. വ്യക്തികളെ വിശുദ്ധന്മാരും ശുദ്ധിമതികളുമായി പ്രഖ്യാപിക്കാൻ പൗരസ്ത്യ സഭകൾ പൊതുവെ വിമുഖത കാട്ടുന്നു. കാരണങ്ങൾ പലതുണ്ട്. ഒന്നാമതായി നമ്മുടെ ലോകത്തിൽ മറ്റെല്ലാംപോലെ തന്നെ വിശുദ്ധിയും ആപേക്ഷികമാണ്. ഒരാളെ വിശുദ്ധനെന്ന് പ്രഖ്യാപിക്കണമെങ്കിൽ മറ്റൊരാളുമായോ മറ്റു പലതുമായോ താരതമ്യം ചെയ്യേണ്ടി വരുന്നു. ഈ താരതമ്യ ചിന്തയുടെ അടിസ്ഥാനം സുദൃഢമല്ല. കാലഭേദങ്ങൾക്കനുസരിച്ചും വ്യക്തികളെ അപേക്ഷിച്ചും താരതമ്യത്തിന്റെ അടിസ്ഥാനം മാറിക്കൊണ്ടിരിക്കും. കേവല വിശുദ്ധി ദൈവത്തിനു മാത്രമുള്ളതാണ്. പക്ഷേ, അത് അപരിമിതമാണ്. ആപേക്ഷികതയ്ക്കും താരതമ്യത്തിനും അതീതവുമാണ്. അതുകൊണ്ട് ദൈവത്തിന്റെ വിശുദ്ധിയുടെ അടിസ്ഥാനത്തിൽ ഒരു വ്യക്തിയെ വിശുദ്ധനെന്ന് നിർണ്ണയിക്കുക എളുപ്പമല്ല. മാത്രവുമല്ല ദൈവത്തിന്റെ വിശുദ്ധി പൂർണ്ണമായി അറിഞ്ഞവർ ആരാണ്? ഒന്നിനെ മറ്റൊന്നുമായി താരതമ്യം ചെയ്യണമെങ്കിൽ രണ്ടും പൂർണ്ണമായി അറിഞ്ഞിരിക്കേണ്ടതല്ലേ?

രണ്ടാമതായി, ഒരു മനുഷ്യന്റെ വിശുദ്ധി നിർണ്ണയിക്കുക മറ്റു മനുഷ്യർക്ക് എളുപ്പമല്ല. എത്ര ഉൾക്കാഴ്ചയുള്ള വ്യക്തിക്കും മറ്റൊരു മനുഷ്യ വ്യക്തിയുടെ ആന്തരിക വ്യാപാരങ്ങളെ പൂർണ്ണമായി വിവേചിക്കാനും നിർണ്ണയിക്കാനും സാധിക്കയില്ല. എത്ര വലിയ മനഃശാസ്ത്രജ്ഞനും മനുഷ്യമനസ്സിന്റെ കുറെ ഭാവങ്ങളെയും ചില വശങ്ങളെയും മാത്രമേ ഗ്രഹിക്കാനാവൂ. അത്ര ആഴമേറിയതും സങ്കീർണ്ണവുമാണ് മനസ്സ് എന്ന പ്രതിഭാസം. ഇതിലും അഗമ്യമാണ് ആത്മാവിന്റെ ചലനങ്ങൾ. ഒരു വ്യക്തിയെക്കുറിച്ചുള്ള മറ്റുള്ളവരുടെ നിർണ്ണയം ശരിയായിരിക്കാനുള്ള സാധ്യതപോലെ തന്നെ തെറ്റായിരിക്കാനും സാധ്യതയുണ്ട്.

മൂന്നാമതായി, വിശുദ്ധിയെന്നത് നിരന്തരമായ വളർച്ചയും ആത്മിക പുരോഗതിയുമാണ്. അത് ദൈവത്തിന്റെ അതുല്യമായ ഒരു ദാനവുമാണ്. ഒരു വ്യക്തി ഈ ലോകത്തിൽ ജീവിച്ചിരിക്കുന്ന കുറെ വർഷങ്ങളിലെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ആ വ്യക്തിയുടെ വിശുദ്ധി നിർണ്ണയിക്കുന്നതിൽ ചിലപ്പോൾ പാകപ്പിഴകളുണ്ടാകാം. ക്രിസ്തുവാകുന്ന തലയോളം വളർന്ന് ദൈവസദൃശ്യന്മാരാകാൻ വിളിക്കപ്പെട്ടിരിക്കുന്നവർക്ക് അപരിമിതമായ വളർച്ചയുടെ സാദ്ധ്യതയാണുള്ളത്. വിശുദ്ധന്മാരെന്ന് നാം കരുതുന്ന വ്യക്തികൾ ഈ നിരന്തരമായ ആത്മിക വളർച്ചയെക്കുറിച്ച് പൂർണ്ണ ബോധമുള്ളവരാണ്. അതുകൊണ്ട് തങ്ങളെ സ്വയം കുറവുള്ളവരായി അവർ കാണുന്നു. മറ്റുള്ളവർ നൽകുന്ന ‘വിശുദ്ധർ’ എന്ന വിശേഷണം അവർ ഒരിക്കലും സ്വീകരിക്കയുമില്ല.

താത്വികമായി ഇങ്ങനെയൊക്കെപ്പറഞ്ഞാലും ചില പ്രത്യേക വ്യക്തികളുടെ



**വിശുദ്ധിയെന്നത് ഒരേ സമയം ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ദാനവും നമ്മുടെ ആത്മിക സാധനയുടെ ഫലവുമാണ്. വിശുദ്ധരായി പരിഗണിക്കപ്പെടുന്നവരുടെ വിശുദ്ധി മനുഷ്യരാശിയുടെ പൊതുസമ്പത്താണ്. വിശുദ്ധന്മാർ തങ്ങൾക്കു വേണ്ടി കരുതാതെ, കർത്താവിനെപ്പോലെ ലോകത്തിനു വേണ്ടി സ്വയം നൽകിയവരാണ്. അവരുടെ വിശുദ്ധി മറ്റുള്ളവർക്ക് ആത്മിക ഉറവയും പ്രചോദന സ്രോതസ്സുമാണ്. ഒറ്റപ്പെട്ട വ്യക്തിയായിട്ടല്ല വിശുദ്ധനെയോ ശുദ്ധിമതിയെയോ നാം കരുതുന്നത്. അവർ കർത്താവിന്റെ സമൂഹശരീരത്തിലെ അവിഭാജ്യമായ അവയവങ്ങളാണ്.**

ജീവിത സംസ്സർഗ്ഗം ചെയ്യുന്നവരുടെയും അനുഭവത്തിന്റെ വെളിച്ചത്തിൽ അവരെ വിശുദ്ധരായി നാം അംഗീകരിച്ച് ആദരിക്കുന്നു. ക്രിസ്തീയ സഭയിൽ വിശുദ്ധന്മാരും ശുദ്ധിമതികളുമെന്നറിയപ്പെടുന്നവർ ഇങ്ങനെ ദീർഘ നാളുകൾകൊണ്ട് പൊതുവെ ജനങ്ങളുടെ ഇടയിൽ സ്വീകരണവും സമ്മതവും നേടിയവരാണ്. ഔപചാരികമായ പ്രഖ്യാപനം കൊണ്ടല്ല അവർ വിശുദ്ധരാകുന്നത്. നേരെ മറിച്ച് വിശുദ്ധരായി ജനങ്ങൾ അംഗീകരിക്കുകയും സ്വീകരിക്കയും ചെയ്യുന്ന ചിലരെ സഭ പിന്നീട് ചിലപ്പോൾ വിശുദ്ധരായി പ്രഖ്യാപിച്ചേക്കാം.

എല്ലാ വിശ്വാസികളെയും പൗലോസ് ശ്ലീഹാ വിശുദ്ധരെന്ന് വിശേഷിപ്പിക്കുന്നുണ്ട്. ദൈവത്തിന്റെ വിശുദ്ധിയിൽ പങ്കുചേരുവാൻ വിളിക്കപ്പെട്ടവർ, ക്രിസ്തുവിന്റെ രക്തത്താൽ വിശുദ്ധീകരണം പ്രാപിച്ചവർ എന്നൊക്കെയുള്ള അർത്ഥത്തിലാണ് അദ്ദേഹം ഈ പദം ഉപയോഗിക്കുന്നത്. തേജസ്സിന്മേൽ തേജസ് പ്രാപിച്ച് ക്രിസ്ത്വനുരൂപികളും അങ്ങനെ ദൈവസദൃശ്യന്മാരുമാകുകയെന്നതാണ് വിശുദ്ധിയുടെ പാരമ്യതയായി സഭ പഠിപ്പിക്കുന്നത്. പക്ഷേ, ദൈവീകരണമെന്ന ഈ പരമാനുഭവം ഒരു നിശ്ചലമായ ബിന്ദുവിൽ അവസാനിക്കുന്നില്ല. മറിച്ച് അനുനിമിഷം ചലനാത്മകമായ, വികസ്വരമായ ഒരനുഭവമണ്ഡലത്തിലേക്കുള്ള പ്രവേശനമാണത്. നിസ്സായിലെ വി. ഗ്രീഗോറിയോസും മറ്റും പറയുന്നതുപോലെ ‘അവസാനമില്ലാത്ത ആരോഹണ’മാണത്. അപ്പോൾ ഈയർത്ഥത്തിൽ, ഒരുവൻ, ‘വിശുദ്ധീകരിക്കപ്പെട്ടു’ എന്നു ഭൂതകാലത്തിൽ പറയുവാൻ നമുക്ക് പ്രയാസമാണ്. ‘വിശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു’ എന്ന് തുടർച്ചയായ വർത്തമാനകാലത്തിലേ പറയാനാവൂ (ഈ ജീവിതത്തിനപ്പുറത്ത് ഭൂതകാലത്തിനും വർത്തമാന കാലത്തിനും പ്രസക്തിയൊന്നുമില്ലെങ്കിലും ഇവിടെ നമുക്ക് അങ്ങനെ മാത്രമേ പറയാനാവൂ).

വിശുദ്ധിയെന്നത് ഒരേ സമയം ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ദാനവും നമ്മുടെ ആത്മിക സാധനയുടെ ഫലവുമാണ്. വിശുദ്ധരായി പരിഗണിക്കപ്പെടുന്നവരുടെ വിശുദ്ധി മനുഷ്യരാശിയുടെ പൊതുസമ്പത്താണ്. വിശുദ്ധന്മാർ തങ്ങൾക്കു വേണ്ടി കരുതാതെ, കർത്താവിനെപ്പോലെ ലോകത്തിനു വേണ്ടി സ്വയം നൽകിയവരാണ്. അവരുടെ വിശുദ്ധി മറ്റുള്ളവർക്ക് ആത്മിക ഉറവയും പ്രചോദന സ്രോതസ്സുമാണ്. ഒറ്റപ്പെട്ട വ്യക്തിയായിട്ടല്ല വിശുദ്ധനെയോ ശുദ്ധിമതിയെയോ നാം കരുതുന്നത്. അവർ കർത്താവിന്റെ സമൂഹശരീരത്തിലെ അവിഭാജ്യമായ അവയവങ്ങളാണ്. അതുകൊണ്ട് സ്വാർത്ഥപരമായ ലക്ഷ്യങ്ങൾക്കു വേണ്ടി അവരെ ഉപയോഗിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. സ്നേഹമാണ് അവരുടെ വിശുദ്ധിയുടെ അടിസ്ഥാനവും ഉരകല്ലും. മനുഷ്യസ്നേഹമില്ലാതെ, നന്മ ചെയ്യാൻ ആഗ്രഹമില്ലാതെ വിശുദ്ധന്മാരെ വിളിച്ച് പ്രാർത്ഥിക്കുന്നത് അങ്ങേയറ്റം അപലപനീയമാണ്. കള്ളപ്പണത്തിന്റെയും വഞ്ചനയുടെയും വെള്ളിക്കാശിന്റെയും പങ്ക് വിശുദ്ധന്മാർക്കു നൽകി സ്വന്തം മനഃസാക്ഷിയെ തൃപ്തിപ്പെടുത്തുന്നത് മ്ലേച്ഛതയാണ്.

പ്രകാശത്തെയാണ് വിശുദ്ധിയുടെ പ്രതീകമായി സാധാരണ വ്യവഹരിക്കുന്നത്. ദൈവം അഗമ്യ തേജോമയമായ പ്രകാശമാണ്. സൃഷ്ടി മുഴുവനും പ്രകാശംകൊണ്ട് നിറയുവാൻ സൃഷ്ടിയുടെ തുടക്കം തന്നെ പ്രകാശത്തിലാണ്. ഇങ്ങനെ പ്രഭാപൂരിതമായ ഒരു ചിത്രമാണ് മനുഷ്യന്റെ ആത്യന്തിക വിശുദ്ധീകരണത്തെക്കുറിച്ച് സഭാപിതാക്കന്മാർ നൽകുന്നത്. ദൈവത്തിന്റെ ആദിശോഭ ശരിയായി പ്രതിഫലിപ്പിക്കുവാൻ നമുക്കിന്ന് കഴിയുന്നില്ല. കാരണം മനുഷ്യന് സംഭവിച്ച വീഴ്ച തന്നെ. വീഴ്ചയ്ക്കു മുമ്പ് ആദാമിനും ദൈവത്തിനും സൃഷ്ടിക്കുമിടയിൽ ആവരണമില്ലായിരുന്നു. ദിവ്യശോഭ പൂർണ്ണമായി സ്വീകരിക്കുവാനും പ്രതിഫലിപ്പിക്കുവാനും ആദി മനുഷ്യനും പ്രപഞ്ചത്തിനും കഴിയുമായിരുന്നു.

**ക്രിസ്തീയ സഭയിൽ വിശുദ്ധന്മാരും ശുദ്ധിമതികളുമെന്നറിയപ്പെടുന്നവർ ഇങ്ങനെ ദീർഘ നാളുകൾകൊണ്ട് പൊതുവെ ജനങ്ങളുടെ ഇടയിൽ സ്വീകരണവും സമ്മതവും നേടിയവരാണ്. ഔപചാരികമായ പ്രഖ്യാപനം കൊണ്ടല്ല അവർ വിശുദ്ധരാകുന്നത്. നേരെ മറിച്ച് വിശുദ്ധരായി ജനങ്ങൾ അംഗീകരിക്കുകയും സ്വീകരിക്കയും ചെയ്യുന്ന ചിലരെ സഭ പിന്നീട് ചിലപ്പോൾ വിശുദ്ധരായി പ്രഖ്യാപിച്ചേക്കാം.**

അപ്പോൾ വിശുദ്ധീകരണമെന്നത് ഈ ഇരുട്ടിന്റെ തിരശ്ശീലകൾ മാറ്റി മനുഷ്യനും മനുഷ്യനും തമ്മിലും മനുഷ്യനും ദൈവവും തമ്മിലും മനുഷ്യനും പ്രകൃതിയും തമ്മിലും മുഖാമുഖം കണ്ട് ദൈവികപ്രകാശത്തിൽ ഉല്ലസിക്കുകയെന്നതാണ്. സൃഷ്ടിക്കു മുൻപേയുള്ള ദിവ്യശോഭയിൽ മനുഷ്യരും പ്രകൃതിയും പൂർണ്ണമായും പങ്കാളികളാകുന്നു. താബോർ മലയിലെ അപൂർവ്വ പ്രകാശത്തിൽ യേശുവും മോശയും ഏലിയാവും ഒരേ സമയം സന്നിഹിതരായതുപോലെ, സകല സൃഷ്ടിയും ദൈവസന്നിധിയിൽ പരസ്പരം മറയില്ലാതെ സത്യപ്രകാശത്തിൽ ശോഭിതമായി ആനന്ദനൃത്തം ചെയ്യുന്നതായി വിശുദ്ധന്മാർ ദർശിക്കുന്നു. ലജ്ജാരഹിതമായ മുഖങ്ങളും വഞ്ചനയില്ലാത്ത ഹൃദയങ്ങളുമാണിവിടെ നാം കാണുന്നത്. ഈ ലോകത്തിൽ വിശുദ്ധന്മാരെ സ്നേഹിക്കയും ആദരിക്കയും ചെയ്യുന്നവർ ഇതു തന്നെയാണ് ആഗ്രഹിക്കേണ്ടത് - മറച്ചു വയ്ക്കാനൊന്നുമില്ലാത്ത ഹൃദയങ്ങളും ലജ്ജാരഹിതമായ പ്രസന്ന മുഖങ്ങളും. കാപട്യവും വഞ്ചനയുമുള്ള ഈ ലോകത്തിൽ അവർ നീതിയുടെ നിത്യസൂര്യന്മാരായിരിക്കും.

(1980-കളിൽ എഴുതിയ ലേഖനം)




**പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യുസ് തൃതീയൻ കാതോലിക്കാ ബാവായെ പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ എം.എൽ.എ. ദേവലോകം കാതോലിക്കേറ്റ് അരമനയിൽ സന്ദർശിച്ചു.**



**അഖില മലങ്കര പ്രാർത്ഥനായോഗത്തിന്റെ മുൻ പ്രസിഡന്റ് ഡോ. ജോഷ്വാ മാർ നീക്കോദീമോസിന് പ്രാർത്ഥനാ യോഗത്തിന്റെ നന്ദി അർപ്പിച്ചുകൊണ്ട് പ്രസിഡന്റ് മാത്യൂസ് മാർ തേവോദോസിയോസ് മൊമെന്റോ നൽകുന്നു. ജനറൽ സെക്രട്ടറി ഫാ. മത്തായി കുന്നിൽ, സെക്രട്ടറി ഐസക് തോമസ്, കേന്ദ്ര-ഭദ്രാസന ഭാരവാഹികൾ എന്നിവർ സമീപം.**



**സഭാപിതാക്കന്മാരുടെ കബറിടങ്ങളും പുരാതന ദൈവാലയങ്ങളും തീർത്ഥാടനകേന്ദ്രങ്ങളും സന്ദർശിക്കുന്ന എത്യോപ്യൻ ഓർത്തഡോക്സ് സഭാംഗങ്ങളായ വിദ്യാർത്ഥികൾ പാലിയേക്കര പള്ളി സന്ദർശിച്ചു.**



**ഇടുക്കി ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ഭവന നിർമ്മാണ പദ്ധതിയുടെ ധനശേഖരണാർത്ഥം നടത്തുന്ന സമ്മാന കൂപ്പണിന്റെ ഉദ്ഘാടനം സഖറിയ മാർ സേവേറിയോസ് സഭാ മാനേജിംഗ് കമ്മിറ്റിയംഗം ഫാ. കുര്യാക്കോസ് വർഗ്ഗീസിന് നൽകി നിർവഹിക്കുന്നു.**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം



# "താഴ്മയോടെ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവിൻ"

### പെന്തിക്കോസ്തിക്കുശേഷം ഒൻപതാം ഞായർ. വി. ലൂക്കോസ് 14:7–11

**ഫിലിപ്പോസ് റമ്പാൻ**
(ജ്യോതിസ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ)

പരീശപ്രമാണികളിൽ ഒരുവന്റെ ഭവനത്തിൽ ക്ഷണമനുസരിച്ച് യേശുതമ്പുരാൻ വിരുന്നിനു പോയപ്പോൾ അവിടെ വച്ചു അരുളിച്ചെയ്ത ചില വചനങ്ങളാണ് വി. ലൂക്കോസ് 14: 7 മുതൽ 11 വരെ കാണുന്നത്. വിരുന്നിനു യേശുവും നേരത്തെ എത്തുന്നു. ചുറ്റുപാടും നോക്കിയശേഷം ഒരു ഒഴിഞ്ഞ കോണിൽ താനും സ്ഥലം പിടിക്കുന്നു. ഉടനെതന്നെ സ്നേഹരൂപിയായ തന്റെ കണ്ണുകൾ ഒരു രോഗിയുടെ ദയനീയ അവസ്ഥയിലേക്ക് ആകർഷിക്കപ്പെടുകയും തന്റെ സ്നേഹം അവനിലേക്ക് പ്രവഹിപ്പിച്ചിട്ട് അവനെ സൗഖ്യമാക്കുകയും ചെയ്യുന്നു. ഇതോടുകൂടി എല്ലാവരുടെയും ശ്രദ്ധ അവന്റെ മേൽ പതിയുന്നു. കുറെ സമയം താൻ മൗനമായിരുന്നശേഷം പ്രധാന സ്ഥാനങ്ങൾക്കുവേണ്ടി തന്റെ ചുറ്റുപാടും നടന്ന മത്സരത്തെ വീക്ഷിച്ചിട്ട് സമയോചിതമായി താൻ ഇപ്രകാരം കൽപ്പിക്കുന്നു.

ഒരു വിവാഹ വിരുന്നിനു നിങ്ങളെ ആരെങ്കിലും ക്ഷണിച്ചാൽ മുഖ്യാസനത്തു കയറി ഇരിക്കരുത്. നിങ്ങളെക്കാൾ മാന്യനായ ഒരു അതിഥിയെ ക്ഷണിച്ചിട്ടുണ്ടായിരിക്കാം. ആതിഥേയൻ വന്ന് "ഇദ്ദേഹത്തിനു ഇടം ഒഴിഞ്ഞു കൊടുക്കുക" എന്നു നിങ്ങളോടു പറഞ്ഞാൽ ലജ്ജിതമായി എഴുന്നേറ്റു ഏറ്റവും ഒടുവിലത്തെ ഇരിപ്പിടത്തിൽ പോയി ഇരിക്കേണ്ടിവരും. എന്നാൽ നിങ്ങൾ വിരുന്നിനു ക്ഷണിക്കപ്പെടുമ്പോൾ ഏറ്റവും ഒടുവിലത്തെ സ്ഥാനത്തു ഇരിക്കുക. ആതിഥേയൻ വന്ന് നിങ്ങളോടു, "സ്നേഹിതാ മുമ്പോട്ടു കയറി ഇരിക്കൂ" എന്നു പറയുവാൻ ഇടയാകട്ടെ. അപ്പോൾ വിരുന്നിനു വന്നിരിക്കുന്നവരുടെ മുമ്പിൽ നിങ്ങൾ ബഹുമാനിതനാകും. തന്നെത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും, തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും. താഴ്മ അഭിനയിക്കുവാനല്ല. താഴ്മ ജീവിതശൈലിയാക്കുവാനുള്ള ഉപദേശമാണിവിടെ ലഭിക്കുന്നത്. വിരുന്നിൽ ക്ഷണിക്കപ്പെട്ട പ്രധാനന്മാരായ പരീശന്മാരും മുഖ്യാസനങ്ങൾ തിരഞ്ഞെടുക്കുന്നതിൽ കാണിച്ച ആസക്തിയാണ് ഈ സംഭാഷണത്തിന്റെ മുഖ്യകാരണം. എന്നാൽ യേശുതമ്പുരാൻ നമ്മോടു പറയുവാൻ ആഗ്രഹിക്കുന്ന ചില കാര്യങ്ങൾ

**1) ആത്മാവിലും സത്യത്തിലും വിനയമുള്ളവരായിത്തീരുക**

അന്യരുടെ ദൃഷ്ടിയിൽ വലിയവരായി ഗണിക്കപ്പെടണമെന്നുള്ള ആഗ്രഹം സാധാരണ എല്ലാവരിലും ഏതെങ്കിലും ഒരു രൂപത്തിൽ കാണാവുന്നതാണ്. ലോകത്തിന്റെ വളർച്ചയ്ക്കും മനുഷ്യജാതിയുടെ ഉന്നമനത്തിനുമായി ദൈവത്തിൽ നിന്നു ലഭ്യമായ ഒരു ശക്തിയുടെ ദുഷിച്ച ഫലമാണ് ഇത്. ലോകത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതും ഈ ശക്തിയുടെ ദുരുപയോഗമാണെന്ന് സന്ദേഹമെന്യേ പറയാം. രാജ്യങ്ങൾ തമ്മിലുള്ള ശണ്ഠകൾക്കും, ലോകത്തിന്റെ നാനാഭാഗങ്ങളിൽ കാണുന്ന വിപ്ലവങ്ങൾക്കും, വ്യക്തികളിൽ കളിയാടുന്ന വിദ്വേഷത്തിനും, അസൂയയ്ക്കും, സൗന്ദര്യപിണക്കത്തിനും, ദുഷിക്കും എല്ലാം അടിസ്ഥാനമായിരിക്കുന്നത് ഈ ദുരാഗ്രഹം ഒന്നു മാത്രമാണ്.

മറ്റുള്ളവരുടെ ദൃഷ്ടിയിൽ ഒരുവനു മാന്യത ലഭിക്കുവാനുള്ള ഏറ്റവും ഉത്തമമായ മാർഗ്ഗം വിനീതത്വമാണ്. ലൗകിക കാര്യങ്ങളിൽ എന്നപോലെ ആത്മീയ കാര്യങ്ങളിലും ഈ തത്വമാണ് സ്വീകാര്യമായിട്ടുള്ളത്. വി. കുർബ്ബാന മുതലായ കൂദാശകളോട് സമീപിക്കുന്ന ഒരാൾ തന്റെ അയോഗ്യതയെപ്പറ്റി അല്ലെങ്കിൽ കുറവുകളെപ്പറ്റി എത്രമാത്രം ആഴമായ ബോധത്തോടുകൂടി ചെയ്യുന്നുവോ അത്രയ്ക്ക് ഹാർദ്ദവമായ സ്വീകരണമാണ് ദൈവസന്നിധിയിൽ ലഭിക്കുക. വിനയത്തിന്റെ ആവശ്യകതയെ ബോദ്ധ്യപ്പെടുത്തുവാനായി കർത്താവ് പല അവസരങ്ങളിലും ഉപയോഗപ്പെടുത്തുന്ന ഒരു ഉപദേശമാണിത്. ധർമ്മിഷ്ടതയും വിനയവും കർത്താവിന്റെ സർവ്വപ്രധാനമായ ഉപദേശങ്ങൾ സ്വർഗ്ഗരാജ്യ അനുഭവത്തിനു ഒരുവനെ യോഗ്യനാക്കുന്ന പ്രധാന ഉപാധികളാണ്. കപടവേഷത്തിനോ കേവലം താഴ്മയുടെ ഭാവനക്കോ ഇവിടെ യാതൊരു സ്ഥാനവുമില്ല. ആത്മാവിലും സത്യത്തിലും വിനയമുള്ളവനാണ് സാക്ഷാൽ ക്രിസ്ത്യാനി.

ആനുകാലിക യഹൂദസമൂഹത്തിലെ ഒരു പൊതുപ്രവണതയെ യേശുമശിഹാ തിരുത്തുകയാണിവിടെ. പൊതുവേദികളിലും പരസ്യമായും ഉയർന്ന സ്ഥാനം പിടിച്ചുപറ്റുന്ന തത്രപ്പാടിലായിരുന്നു യഹൂദ നേതൃത്വം. ഇതുമൂലം ചിലപ്പോൾ അവർ പരസ്യമായി അപമാനിതരായ അവസരങ്ങളും ചുരുക്കമല്ലായിരുന്നു. അതുകൊണ്ട് എവിടെ ക്ഷണിക്കപ്പെട്ടാലും അവസാനത്തെ സ്ഥാനത്തു പോയി ഇരിക്കുകയാണു വേണ്ടത് എന്നു യേശു ഉപദേശിക്കുന്നു. അതുമൂലം ലജ്ജിക്കുവാൻ ഒരിക്കലും ഇടയാവുകയില്ല. നേരെമറിച്ച് പരസ്യമായി ബഹുമാനിതനാകുവാൻ കൂടുതൽ സാദ്ധ്യതയുമുണ്ടുതാനും. "അവ്വണ്ണം ഇളയവരേ മൂപ്പന്മാർക്കു കീഴടങ്ങിയിരിപ്പിൻ. എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊൾവിൻ. ദൈവം നിഗളികളോടു നിൽക്കുന്നു. താഴ്മയുള്ളവർക്കോ കൃപ നൽകുന്നു. അതുകൊണ്ടു അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ താണിരിപ്പിൻ" (1 പത്രോസ് 5:5–6)

**2) സ്വാർത്ഥത കൂടാതെയുള്ള സേവനബോധമുള്ളവരായിത്തീരുക**

നിങ്ങളിൽ ജ്ഞാനിയും വിവേകിയുമായവൻ ആർ? അവൻ ജ്ഞാനലക്ഷണമായ സൗമ്യതയോടെ നല്ല നടപ്പിൽ തന്റെ പ്രവൃത്തികളെ കാണിക്കട്ടെ (വി. യാക്കോബ് 3:13). ശാസ്ത്രിമാരും പരീശന്മാരും അവർ തങ്ങളുടെ പ്രവൃത്തികളെല്ലാം മനുഷ്യർ കാണേണ്ടതിനത്രേ ചെയ്യുന്നത്. പള്ളികളിൽ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവും മനുഷ്യർ റബ്ബീ എന്നു വിളിക്കുന്നതും അവർക്കു പ്രിയമാകുന്നു. എന്നാൽ ക്രിസ്തു പറയുന്നു "നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം." ഓർത്തുകൊള്ളുക നിങ്ങളെക്കാൾ ശ്രേഷ്ഠൻ മറ്റൊരുവൻ ഉണ്ടാകും.

മനുഷ്യഹൃദയത്തിന്റെ മർമ്മസ്ഥാനത്തേക്കാൾ ഇവിടെ കർത്താവ് വിരൽ ചൂണ്ടിയിരിക്കുന്നത്. സാക്ഷാൽ വലിയവന്റെ ലക്ഷണമെന്താണെന്ന് താൻ ഇവിടെ സ്പഷ്ടമാക്കുന്നു. മേശക്കിരിക്കുന്നവനല്ല വലിയവൻ, പിന്നെയോ മേശക്ക് ശുശ്രൂഷിക്കുന്നവനാണ്. ഒരുവൻ വലിയവനാകണമെന്നാഗ്രഹിക്കുന്നു എങ്കിൽ അതു സാധിപ്പാനുള്ള മറ്റുള്ളവരുടെ ദാസനായിത്തീരുകയാണ്. സ്വാർത്ഥത കൂടാതെയുള്ള സേവനബോധമാണ് ഒരുവനെ ശ്രേഷ്ഠനാക്കുന്നത്. തന്നെത്താൻ വലിയവനെന്ന് ഭാവിച്ചതുകൊണ്ടോ പ്രധാന സ്ഥാനങ്ങളെ കരസ്ഥമാക്കുന്നതുകൊണ്ടോ പ്രാപിക്കാവുന്ന ഒന്നല്ല ഇത്. യേശുക്രിസ്തു തന്റെ ദൃഷ്ടാന്തംമൂലം വെളിവാക്കിയിരിക്കുന്നതുപോലെ മറ്റുള്ളവരുടെ സുഖത്തേയും നന്മയേയും മുൻനിർത്തി നാം പ്രവർത്തിക്കേണ്ടതാണ്.

ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവിൻ. ഓരോരുത്തൻ സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണംകൂടെ നോക്കേണം. ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി. തന്നെത്താൻ താഴ്ത്തി മരണത്തോളം

ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായി തീർന്നു.

താഴ്മ അഭിനയിക്കുവാനുള്ള ഒരാഹ്വാനമല്ല യേശു നൽകുന്നത്. താഴ്മ അഭിനയിച്ചിട്ടു, സ്ഥാനമാനങ്ങൾക്കുവേണ്ടി പരോക്ഷമായി പരവശരാകുന്ന വരെത്തന്നെ ഉദ്ദേശിച്ചാണ് യേശു ഇതു പറയുന്നത്. അതുകൊണ്ട് രാഷ്ട്രീയത്തിലും മതത്തിലും കാണുന്ന അധികാരത്തിനു വേണ്ടിയുള്ള ആവേശം യേശുവിന്റെ ദൃഷ്ടിയിൽ പരിഹാസ്യമാണ്. നാലാം നൂറ്റാണ്ടിലെ സഭാപിതാക്കന്മാരിൽ പ്രമുഖനും കപ്പദോക്യൻ പിതാക്കന്മാരിൽ ഒരാളുമായ നാസിയാൻസിലെ ഗ്രീഗോറിയോസ് തന്നെ മെത്രാൻ സ്ഥാനത്തേക്കു തിരഞ്ഞെടുക്കുവാൻ പോകുന്നുവെന്നറിഞ്ഞു ആരുമറിയാതെ സ്ഥലം വിടുകയുണ്ടായി. പിന്നീടു സഭയുടെ ശക്തമായ നിർബന്ധത്തിനു വഴങ്ങി പട്ടം സ്വീകരിച്ചപ്പോൾ എന്തുകൊണ്ടാണ് താൻ മുമ്പ് ഒളിച്ചോടിയത് എന്ന് വിവരിച്ചു ഒരു പ്രഭാഷണം നടത്തിയിട്ടുണ്ട്. സഭയിൽ പുരോഹിത സ്ഥാനത്തേക്കു വരുവാൻ ആഗ്രഹിക്കുന്നവർ ആവശ്യം വായിച്ചിരിക്കേണ്ടതാണ് പ്രസ്തുത പ്രഭാഷണം.

സഭയുടെ ആരാധന വർഷത്തിലെ അഞ്ചാമത്തെ കാലഘട്ടമായ പെന്തിക്കോസ്തി കാലത്തിലൂടെയായിരുന്നു നാം ഇതുവരെയും സഞ്ചരിച്ചുകൊണ്ടിരുന്നത്. അടുത്ത ആഴ്ച നമ്മുടെ കർത്താവിന്റെ തേജസ്ക്കരണപ്പെരുന്നാൾ ആഘോഷിക്കുവാൻ നാം ഒരുങ്ങുകയാണല്ലോ. അടുത്ത ആഴ്ച മുതൽ തേജസ്കരണ കാലഘട്ടത്തിലേക്ക് പ്രവേശിക്കുന്നു. കൂടാതെ വി. മാതാവിന്റെ വാങ്ങിപ്പുപെരുന്നാളിനോടനുബന്ധിച്ചുള്ള 15 നോമ്പിലേക്കും നാം ഓഗസ്റ്റ് ഒന്നു മുതൽ പ്രവേശിക്കുകയാണല്ലോ. ഏവർക്കും അനുഗ്രഹപ്രദമായ ഒരു നോമ്പുകാലം ആശംസിക്കുന്നു. "ഇതാ ഞാൻ കർത്താവിന്റെ ദാസി. നിന്റെ വാക്കു പോലെ എനിക്കു ഭവിക്കട്ടെ" എന്ന് പറഞ്ഞ് ദൈവഹിതത്തിന് തന്നെ സമർപ്പിച്ചവളാണ് വി. കന്യകമറിയാം. ദൈവഹിതത്തിന് തന്നെ സമർപ്പിച്ച മാതാവിനെപ്പോലെ വി. കന്യകമറിയാമിന്റെ മദ്ധ്യസ്ഥതയിൽ നമുക്ക് അഭയപ്പെടാം. മാതാവിനെപ്പോലെ വിനയമുള്ളവരായി മാറാം. തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും. തന്നെത്താൻ താഴ്ത്തപ്പെടുന്നവൻ എല്ലാം ഉയർത്തപ്പെടും (വി. മത്തായി 23:12).

❑



ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് ജന്മശതാബ്ദി സ്മാരക കരുതൽ സ്നേഹ ഭവനം താക്കോൽ ദാനം അഡ്വ. അനൂപ് ജേക്കബ് എം.എൽ.എ. നിർവഹിക്കുന്നു. ഗീവർഗീസ് മാർ കൂറിലോസ് അദ്ധ്യക്ഷത വഹിച്ചു. ഗീവർഗീസ് മാർ പീലക്സീനോസ് ഉദ്ഘാടനം നിർവഹിച്ചു. ഫാ. ഡോ. ടി. പി. ഏലിയാസ്, ഡോ. ചെറിയാൻ ഈപ്പൻ, അഡ്വ. അശോക് കുമാർ എന്നിവർ സമീപം.



ആസൂത്രിത വിഭാഗീയ പ്രവർത്തനങ്ങൾ വഴി മണിപ്പൂരിൽ വർഗീയ കലാപത്തിൽ ഇരയായിതീർന്നവരോടുള്ള ഐക്യദാർഢ്യവും, സ്ഥലത്തു ക്രമസമാധനമുറപ്പു വരുത്തന്നതിൽ പരാജയപ്പെട്ട കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭരണ നിസംഗതയോടുള്ള ക്രൈസ്തവ പ്രതിഷേധത്തെയും മുൻനിർത്തി, മേഖലയിൽ സമാധാനം പുലരുന്നതിനും വേണ്ടി കണ്ടനാട് ഈസ്റ്റ് ഭദ്രാസന വനിതാ സമാജം പ്രവർത്തകർ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. തോമസ് മാർ അത്താനാസിയോസിന്റെ നേതൃത്വത്തിൽ മണ്ണത്തൂർ സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയുടെ മുറ്റത്തു മെഴുകുതിരി ജ്വാല തെളിയിച്ചു. അപമാനിക്കപ്പെട്ട സ്ത്രീത്വത്തോടും, കൊല്ലപ്പെട്ട നിരപരാധികളോടും, സ്വന്തം ദേശത്തു നിന്നും ചിതറിക്കപ്പെട്ടവരോടുമുള്ള പക്ഷംചേരൽ മുൻ നിർത്തി ഫാ. അജീഷ് ഫിലിപ്പ് പ്രമേയം അവതരിപ്പിച്ചു. ഫാ ഗീവർഗീസ് ബേബി പ്രാർഥന നടത്തി.





## ഫാ. ടി. ഇ. ഐസക്കിനും കെ. വി. മാമ്മനും ജോർജ് കെ. കുര്യനും 'പിതൃസ്മൃതി' അവാർഡ്

പരുമല: മലങ്കരസഭയുടെ പിതൃവിജ്ഞാനീയ ശാഖയ്ക്കു നൽകിയ മികച്ച സംഭാവനകളെ പുരസ്ക്കരിച്ചു സീനിയർ വൈദികൻ ഫാ. ടി. ഇ. ഐസക്കിനും മുതിർന്ന മാധ്യമ പ്രവർത്തകനും ജീവചരിത്രകാരനുമായ കെ. വി. മാമ്മനും ഗോവയിലെ ജോർജ് കെ. കുര്യനും പിതൃസ്മൃതി അവാർഡ്. അൽവാരീസ് മാർ യൂലിയോസിന്റെ കബറിടം കണ്ടെത്തി തിരുശേഷിപ്പ് ഗോവയിലെ പഞ്ചിം പള്ളിയിലേക്ക് മാറ്റിസ്ഥാപിക്കുന്നതിന് നേതൃത്വം നൽകിയത് ഫാ. ടി. ഇ. ഐസക്ക് ആയിരുന്നു. പത്തനംതിട്ട സ്വദേശിയായ കെ. വി. മാമ്മൻ ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസിന്റെയും കൈപ്പട്ടൂർ സ്വദേശിയായ ജോർജ് കെ. കുര്യൻ അൽവാരീസ് മാർ യൂലിയോസിന്റെയും ജീവചരിത്രങ്ങൾ രചിച്ചിട്ടുണ്ട്. ജൂലൈ 29-നു പരുമലയിൽ നടന്ന പിതൃസ്മൃതി സമ്മേളനത്തിൽ പ. കാതോലിക്കാ ബാവാ അവാർഡ് സമ്മാനിച്ചു.



പരുമലയിൽ നടക്കുന്ന പിതൃസ്മൃതി സമ്മേളനത്തിൽ പങ്കെടുക്കുവാൻ നേടുമ്പാശ്ശേരിയിലെത്തിയ അൽവാരീസ് മാർ യൂലിയോസ് തിരുമേനിയുടെ അഞ്ചും ആറും തലമുറയിൽപ്പെട്ട ജോവന്നെ, ഇയോന്ന, വേറാ, നിദിയ, വിക്ടർ എന്നിവരെ പിതൃസ്മൃതി സംഘാടകർ സ്വീകരിച്ചു. സംഘം തൃക്കുന്നത്ത് സെമിനാരി സന്ദർശിച്ചു ഫിലിപ്പോസ് മാർ തെയോഫിലോസിന്റെ കബർ സന്ദർശിച്ചു പ്രാർത്ഥിച്ചു.

# “Humility Leads to be Friends and to Feast”

## (Ninth Sunday after the Pentecost) Luke 14:7-11)



Fr. Geevarghese Thomas

The state of honor can be understood in two aspects from the creation history. The first ‘honor’ is the privilege which God gave to its creation (human), that you can eat from all the trees except one (all including the Tree of Life). It was the honor of cherishing God’s providence for eternity. In contrary, the other one is the honor (the knowledge to become like God) desired, violating God’s commandment. It is the honor, distancing us from God’s presence. When, God himself took the flesh to rectify our fallen state, He was tempted with the second honor. But already, God taking the human form has crowned humility as the spiritual virtue to decry the honor which is ungodly and deceiving. If through humility, God can restore it’s creation to prepare it for the eternal feast, how many countless blessings can we inherit by practicing humility? To be humble, we must have a commitment. A commitment towards God and a commitment towards the fellow beings. The virtue of humility gifts us the discernment of the privileged honor in contrary to the honor desired in terms of world. Just as God did not need humbling in Himself, but in His committed love towards the creation, He lowered Himself to human form. The parable of humility and hospitality taught by Jesus shares a lot of insight in practicing humility and making friendly associates especially in spiritual realms.

**Reflections**

**1. Become or make ‘friends’ to be ‘invited’.**

In this parable, no matter which seat or position some guests desired to take, the fact was, they were invited. In the *parousia* (second coming) of our Lord, do we deserve the invitation for the great feast with our Lord? To be invited we need to be ‘friends’ with our Lord Jesus Christ as well as the ‘clouds of witnesses’ (that is having companionship through intercession with the living and departed faithful and saints alike). Implies, we need to make every effort to be in companionship with the great host. Sometimes we are inspired by the faith and actions of others. That’s why we should make or become “friends” with all the faithful and the saints, who were/are committed to the great host our Lord, and became a witness or an inspiration, helping us to be invited as friends of Christ. Jesus says - “You are my friends if you do what I command. I no longer call you slaves, because a slave does not know his master’s business. Instead, I have called you friends, for everything that I learned from my Father I have made known to you” (John 15:14,15). The Master’s will can be understood with the parable of the lost sheep. The shepherd wills the gestalt well-being of the flock and at the same time leaves out in search of that single lost sheep as well. We the companions and flock of the Great Master and the Good Shepherd, must derive the nature of making acquaintance or in spiritual terms building fellowship with each other on the grounds of faith, humility and commitment.

**2. Become the partakers and not partitive groups!**

Well, the very meaning and purpose of a feast, say a wedding feast, is to share the joy of that occasion and to partake in the fellowship. Yes? What sense does it make to highlight our rank, strata, fame in a feast where we are invited to be in a fellowship? The strive or consciousness of worldly fame is partitive. If ever we tend to do so, we are not actually sharing in other’s joy or partaking in the feast. Rather, we are selfish beings who love to be partitive with our status and achievements. We, knowingly or unknowingly become a dividing norm through our ‘desired honors’. Our Christian life is a feast! The feast instituted through the sacrifice of our Lord for His bride- the Church! And we all are called to partake in the feast of Christian fellowship. So let us give up the partitive mentality of discriminating ourself with others on the grounds of ‘worldly honors’ and propagate instead the message of love through which we bear the same gifted image.

**3. Become a more distinguished guest!**

As said earlier, we ought to make efforts by becoming friends, so as to be invited. But then, the parable mentions about more distinguished guest. In secular norms, it is as simple as a more qualified person getting the best job offer. But spiritually, I think this connotation of ‘more distinguished guest’ will be more apt when applied in reference to self. That is, our life should be a constant effort to become more distinguished than what we were then. Every instance, every encounters, every interactions should be a distinguishing renewal within us, which renews and enhances our witness to Christ. In doing so, on the great Feast with our Lord, our distinguished persona will be highlighted and valued than our older lifestyle. But to have a distinguishing renewal within, we must be humble. Humility is the prerequisite state for distinguished exaltation. Humility acknowledges that, our being itself is through the grace of God and helps us in discerning the ungodly ‘desired honors’. And this consciousness helps us to recede from worldly fame/positions and renew ourselves as a more distinguished, exalted spiritual being to glorify the Host and embellish the Great Feast.

**Conclusion**

Witnessing Christ is the distinctive way to distinguish ourselves as the friends of Christ. This way demands humility, commitment and perfect fellowship. Where today there are numerous dividing norms in pursuit of honors of the world, we have that Great Master and the Good Shepherd, who privileged us to be His image in building up an *oikumene* with our gifted talents and unique functions. Let us just not be decorative with metal crosses, instead be adorned by Christ who humbled Himself for inviting us to the Great Heavenly Feast. Let us be the living sign of Cross exemplifying humility in this world of differences. May God bless us.

❑




അഖില മലങ്കര ഓർത്തഡോക്സ് സന്യാസ സമൂഹം ഏകദിന സമ്മേളനം ശൂരനാട് ബസലേൽ കോൺവെന്റിൽ നടന്നു. പങ്കെടുത്തവർ പ്രസിഡന്റ് ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ, ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ എന്നിവരോടൊപ്പം.




**Delhi Diocese MGOCSM Annual Day, was held at St. Thomas Orthodox Church Sarita Vihar on Sunday, 22 July 2023.**



മാവേലിക്കര ഭദ്രാസന ആസ്ഥാനത്ത് നടക്കുന്ന പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പൊലീത്തായുടെ ഓർമ്മപ്പെരുന്നാളിന്റെ കൊടിയേറ്റ് എബ്രഹാം മാർ എപ്പിഫാനിയോസ് നിർവഹിച്ചു.



'പിതൃസ്മൃതി' അനുസ്മരണസമ്മേളന വേദിയിലേക്കുള്ള പിതാക്കന്മാരുടെ ഛായാചിത്രങ്ങൾ ആലുവാ തൃക്കുന്നത്ത് സെമിനാരിയിലെ ഡോ. ഫിലിപ്പോസ് മാർ തേയോഫിലോസിന്റെ കബറിടത്തിൽ ധൂപപ്രാർത്ഥനയ്ക്ക് ശേഷം യൂഹാനോൻ മാർ പോളിക്കർപ്പോസിൽ നിന്ന് ഭദ്രാസന സെക്രട്ടറി ഫാ. എൽദോ ഏലിയാസ് ഏറ്റുവാങ്ങുന്നു.



മുൻ കേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പുതുപ്പള്ളി സെന്റ് ജോർജ് പള്ളിയിലെ കല്ലറയിൽ രാജസ്ഥാനിലെ 'ജ്യോതിസ്സ്' ആശ്രമം മാനേജർ ഫീലിപ്പോസ് റമ്പാൻ പ്രാർത്ഥനകൾ നടത്തി. തുടർന്ന് ഭവനത്തിലെത്തി പ്രാർത്ഥനകൾ നടത്തുകയും ദുഃഖാർത്തരായ കുടുംബാംഗങ്ങളോടുള്ള ആശ്രമത്തിന്റെ അനുശോചനങ്ങൾ അറിയിക്കുകയും ചെയ്തു. ആശ്രമം നേരിട്ട വലിയ പ്രതിസന്ധിയിൽ ഉമ്മൻ ചാണ്ടി സാർ ചെയ്തു തന്ന സഹായ സഹകരണങ്ങൾ ഒരിക്കലും വിസ്മരിക്കാനാകാത്തതാണെന്ന് റമ്പാൻ അനുസ്മരണത്തിൽ പ്രത്യേകം പരാമർശിച്ചു.

"നമ്മുടെ സഭ ദൈവത്തിന്റെ വകയാണെന്നും അതു ഒരിക്കലും നശിച്ചു പോകാൻ ഇടയില്ലെന്നും നിങ്ങൾക്കു നല്ലപോലെ വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടു വളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്."

**– പ. വട്ടശ്ശേരിൽ തിരുമേനി**



അമേരിക്കയിലെ കിൻസിയിലുള്ള നോർത്ത് ഫ്ളോറിഡ റിസർച്ച് ആൻഡ് എഡ്യൂക്കേഷൻ സെന്ററിലെ പ്ലാന്റ് പതൊളജി പ്രൊഫസർ – ഡയറക്ടർ (റിസർച്ച് ലാബ്) ഡോ. മാത്യൂസ് എൽ. പാറേട്ടിനെ യൂണിവേഴ്സിറ്റി ഓഫ് ഫ്ളോറിഡായിൽ പ്ലാന്റ് പതോളജി ഡിപ്പാർട്ട്മെന്റ് മേധാവിയായി നിയമിച്ചു. അലഹബാദ് അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിൽ നിന്നും അഗ്രികൾച്ചറിൽ എം.എസ്. സിയും,അമേരിക്കയിലെ യൂണിവേഴ്സിറ്റി ഓഫ് ഹവായിൽ നിന്നും ഡോക്ടറേറ്റും, യൂണിവേഴ്സിറ്റി ഓഫ് ഫ്ലോറിഡ യിൽ നിന്നും പോസ്റ്റ് ഡോക്ടറേറ്റും നേടിയ ഇദ്ദേഹം കുടുംബസമേതം ഇപ്പോൾ അമേരിക്കയിലെ മിയാമിയിൽ താമസമാണ്. കോട്ടയം ഭദ്രാസനത്തിലെ കുഴിമറ്റം സെന്റ് ജോർജ് പള്ളി ഇടവകാംഗമായ ലാൽ എം. പാറേട്ട്, സൂസൻ ദമ്പതികളുടെ മൂത്ത പുത്രനാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

## പുസ്തകം




### വിശുദ്ധൻ വിളിക്കുന്നു

(ജീവചരിത്രം)

**അൽവാരീസ് മാർ യൂലിയോസിന്റെ ജീവിതം**

**ഡോ. പോൾ മണലിൽ**

മലങ്കര ഓർത്തഡോക്സ് സഭയുടെ 'പോർട്ടുഗീസ് ഗോവ'യുടെയും 'ബ്രിട്ടീഷ് സിലോണി'ന്റെയും 'മലബാർ' ഒഴികെയുള്ള ഇന്ത്യയുടെയും മെത്രാപ്പോലീത്തായായിരുന്ന അൽവാരിസ് മാർ യൂലിയോസിന്റെ ഹൃദയംതൊടുന്ന ജീവിതകഥ. രാജ്യസ്നേഹിയും പത്രപ്രവർത്തകനും വിപ്ലവകാരിയുമായ അദ്ദേഹം നേരിടേണ്ടി വന്ന പീഡനങ്ങളുടെ നേർ സാക്ഷ്യം കണ്ണുനീരോടെയല്ലാതെ വായിക്കാനാവില്ല. മലങ്കര ഓർത്തഡോക്സ് സഭ തദ്ദേശീയ വിശുദ്ധനായി പ്രഖ്യാപിച്ച മാർ അൽവാരീസിന്റെ പോരാട്ടങ്ങളുടെ കഥ, മലങ്കരസഭയിലേക്കു അൽവാരീസ് തിരുമേനി പുനരൈക്യപ്പെട്ട ചരിത്രസംഭവം, അഗതികൾക്കു വേണ്ടി ഭിക്ഷാടനം നടത്തി അവരോട് ഏകീഭവിച്ച വിശുദ്ധ ജീവിതം തുടങ്ങിയവ ഈ ഗ്രന്ഥത്തിൽ ഇതൾ വിരിയുന്നു. 280 പേജ്, വില: 250.00




### മലങ്കരയുടെ സ്ഥാനപതി

(ജീവചരിത്രം)

**ഫാ. ബിജു പി. തോമസ്**

അവതാരിക: ഡോ. ഗീവർഗീസ് മാർ കൂറിലോസ്

ആമുഖം: ഡോ. പോൾ മണലിൽ

മലങ്കരസഭയെ ആഗോള സഭകൾക്കു പരിചയപ്പെടുത്തുകയും ആ സഭകളിലെ നേതൃത്വവുമായി ആഴമായ വ്യക്തിബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്ത് മലങ്കരയുടെ സ്ഥാനപതി എന്ന ബഹുമതിക്കർഹനായ ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസിൻറെ ജീവചരിത്രം. കേരളസഭയുടെ ചരിത്ര പൗരാണികതയും സാംസ്കാരിക സമ്പന്നതയും വിശാലമാക്കിയ ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസിൻറെ ത്യാഗോജ്ജ്വല ജീവിതം അനാവരണം ചെയ്യപ്പെടുന്ന പ്രൗഢ ഗ്രന്ഥം വായനക്കാർക്ക് കുലീനത്വവും ഹൃദയ വിശാലതയും നേടുവാൻ പ്രചോദനമാകും. അങ്കമാലി, ബോംബെ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്താ, മാർ ഗ്രീഗോറിയോസ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രസിഡണ്ട് എന്നീ നിലകളിൽ മാർ തെയോഫിലോസ് നൽകിയ അനന്യ സംഭാവനകൾ ഗ്രന്ഥത്തിൽ ഇതൾ വിരിയുന്നു. 400 പേജ്, 350 രൂപ



ഉമ്മൻ ചാണ്ടിയുടെ ഒൻപതാം ഓർമ്മ ദിവസം കബറിടത്തിൽ ധൂപാർപ്പണവും പ്രാർത്ഥനയും ഡോ. യുഹാനോൻ മാർ ദീയസ്കോറോസ് ഗീവർഗീസ് മാർ യൂലിയോസ് എന്നിവരുടെ കാർമികത്വത്തിൽ നടത്തുന്നു.



ഗോവ പനജി സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിലെ അൽവാരീസ് മാർ യൂലിയോസിന്റെ കബറിടത്തിൽ നിന്നും 'പിതൃസ്മൃതി' അനുസ്മരണസമ്മേളന വേദിയിലേക്കുള്ള ഛായാചിത്രം വികാരി ഫാ. വർഗീസ് വി. ഫിലിപ്പോസ് ധൂപപ്രാർത്ഥനയ്ക്ക് ശേഷം അസോസിയേഷൻ പ്രതിനിധി പ്രസാദ് കെ കോശിക്കും, ഇടവകട്രസ്റ്റി യേശുദാസൻ കെ. യ്ക്കും കൈമാറി.



മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ പൗലോസ് മാർ പക്കോമിയോസിന്റെ ഓർമ്മപെരുന്നാളിന്റെ ഭാഗമായി തഴക്കര തെയോഭവൻ അരമനയിൽ സംഘടിപ്പിച്ച മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർഥി പ്രസ്ഥാനം (എംജിഒസിഎസ്എം) നേതൃസംഗമം ഭദ്രാസന മെത്രാപ്പൊലിത്ത ഏബ്രഹാം മാർ എപ്പിഫാനിയോസ് ഉദ്ഘാടനം ചെയ്യുന്നു.



**Dubai St Thomas Orthodox Cathedral** യുവജനപ്രസ്ഥാനത്തിന്റെ സുവർണ ജൂബിലിയോട് അനുബന്ധിച്ചു ശാന്തിഗ്രാം ആസ്ഥാനമായി പ്രവർത്തിക്കുന്ന വിദ്യാനികേതൻ സ്കൂളിന്റെ ലൈബ്രറി **Dr Paulos Mar Gregorios Memorial Library** ആയി പുനരുദ്ധാരണം ചെയ്തു. ലൈബ്രറി കൂദാശ ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ് നിർവഹിച്ചു.




തിരുവനന്തപുരം, പാളയം അയ്യങ്കാളി ഹാളിൽ വച്ച് കെ.പി.സി.സി. സംഘടിപ്പിച്ച ഉമ്മൻ ചാണ്ടി അനുസ്മരണത്തിൽ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അനുസ്മരണം നടത്തുന്നു.



ഡോ. ഗീവർഗ്ഗീസ് മാർ ബർന്നബാസ് തിരുമേനി പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിലെത്തുകയും ഉമ്മൻചാണ്ടിയുടെ കല്ലറയിൽ ധൂപപ്രാർത്ഥന നടത്തുകയും ഉമ്മൻചാണ്ടിയുടെ ഭവനത്തിൽ എത്തി കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്തു.



## ഫാ. വർഗീസ് തരകൻ അന്തരിച്ചു

തേവലക്കര: മലങ്കര ഓർത്തഡോക്സ് സഭയിലെ മാവേലിക്കര ഭദ്രാസനത്തിലെ സീനിയർ വൈദികനായ തേവലക്കര കൊച്ചുകുളങ്ങര പുതുവീട്ടിൽ തരകൻ കുടുംബാംഗം പുത്തൻവീട്ടിൽ (തറവാട്ടിൽ) ഫാ. വർഗീസ് തരകൻ (69) അന്തരിച്ചു. സംസ്കാരം നാളെ 12–ന് തേവലക്കരയിലെ കൂടുംബ വസതിയിലെ ശുശ്രൂഷകൾക്ക് ശേഷം 3–ന് തേവലക്കര മർത്തമറിയം ഓർത്തഡോക്സ് പള്ളി ആൻഡ് മാർ ആബോ തീർഥാടനകേന്ദ്രത്തിൽ. മാവേലിക്കര ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ: വഴിവാടി കാഞ്ഞിരപ്പള്ളിൽ കുടുംബാംഗം മൃദുല വർഗീസ് (റിട്ട. അധ്യാപിക, വിവിഎച്ച്എസ് താമരക്കുളം). മക്കൾ: ഷേബാ വി. തരകൻ, ഷൈനോ വി. തരകൻ (ബവ്കോ, അയർക്കുന്നം). മരുമക്കൾ: ഡോ. ജെറിൻ ടി. ജോർജ്, ടിബിൻ ചാക്കോ (അസി. എൻജിനീയർ, കെഎസ്ഇബി).



പ. പൗലോസ് ദ്വിതീയൻ ബാവായുടെ അനുസ്മരണാർത്ഥം മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥി പ്രസ്ഥാനം മിഷനറി ഫോറത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന സ്നേഹമാനസം കരുതൽ പദ്ധതിയുടെ ഭാഗമായി അവശ്യ വസ്തുക്കൾ വിതരണം ചെയ്തു. മാവേലിക്കര അറുന്നൂറ്റി മംഗലം മാർ പക്കോമിയോസ് ശാലേം ഭവനിൽ വച്ച് നടന്ന പ്രോഗ്രാമിൽ, സ്ഥാപനത്തിലേക്ക് ആവശ്യമായ അവശ്യ വസ്തുക്കൾ, വിതരണം ചെയ്യുന്ന പദ്ധതി ഉദ്ഘാടനം വിദ്യാർത്ഥി പ്രസ്ഥാനം പ്രസിഡന്റ് ഡോ. എബ്രഹാം മാർ സെറാഫിം നിർവഹിച്ചു. വിദ്യാർത്ഥി പ്രസ്ഥാനം കേന്ദ്ര ജനറൽ സെക്രട്ടറി ഫാ ഡോ. വിവേക് വർഗീസ് അധ്യക്ഷത വഹിച്ചു.

**വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട സഷിൻ തലക്കുളം. കോട്ടയം ഭദ്രാസനത്തിലെ ചീരഞ്ചിറ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം. യുവജന പ്രസ്ഥാനം മുൻ സെക്രട്ടറി.**





തിരുവനന്തപുരം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ഗീവർഗ്ഗീസ് മാർ ദിയസ്ക്കോറോസിന്റെ 24-ാം ഓർമ്മപെരുന്നാളിനോട് അനുബന്ധിച്ച് റാന്നി ഹോളി ട്രിനിറ്റി ആശ്രമ ചാപ്പലിലെ വിശുദ്ധ കുർബ്ബാനയ്ക്കും, പെരുന്നാൾ ശുശ്രൂഷകൾക്കും ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മുഖ്യ കാർമ്മികത്വം വഹിച്ചു.



മലബാർ ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗ്ഗീസ് മാർ പക്കോമിയോസ് ഉമ്മൻ ചാണ്ടിയുടെ കല്ലറയിൽ പ്രാർത്ഥന നടത്തി.

തമിഴ്നാട്ടിലെ നാമക്കൽ ജില്ലയിൽ വെച്ചു ദേശീയ വനിത വടം വലി ചാമ്പ്യൻഷിപ്പിൽ ഈ വർഷത്തെ ഏറ്റവും നല്ല കളിക്കാരിയായി 'മിസ്സ് ടഗ് ഓഫ് വാർ' ആയി കേരളത്തിനെ പ്രതിനിധീകരിച്ചു പങ്കെടുത്ത ക്രിസ്റ്റി കെ. ടെലിൻ തിരഞ്ഞെടുക്കപ്പെട്ടു. മലബാർ ഭദ്രാസനം പാലക്കാട് യാക്കര സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവ കാംഗമാണ്. കേരള സംസ്ഥാന വടംവലി പരിശീലകൻ ടെലിൻ തമ്പിയുടെ മകളാണ്.





മണിപ്പൂർ ജനതക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഓർത്തഡോക്സ് തുമ്പമൺ ഭദ്രാസന യുവജന പ്രസ്ഥാനം തുമ്പമൺ മേഖലയുടെ നേതൃത്വത്തിൽ പത്തനംതിട്ട മിനി സിവിൽ സ്റ്റേഷനു മുന്നിൽ നടത്തിയ പ്രതിഷേധ സദസ് കുര്യാക്കോസ് മാർ ക്ലിമ്മീസ് ഉദ്ഘാടനം ചെയ്യുന്നു.



മലങ്കര ഓർത്തഡോക്സ് ചർച്ച് ദോഹയുടെ ആദ്യകാല പ്രവർത്തകരായ 30 പ്രവർത്തകരെയും 2009 വരെ ദേവാലയത്തിൽ ശുശ്രൂഷിച്ച 25 വൈദിക ശ്രേഷ്ഠരയും പരുമല പള്ളിയിൽ വെച്ച് നടത്തിയ യോഗത്തിൽ വെച്ച് ആദരിച്ചു. യോഗത്തിൽ ഇടവക വികാരി ഫാ. ഗീവർഗീസ് എബ്രഹാം അദ്ധ്യക്ഷത വഹിച്ചു. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ യോഗം ഉദ്ഘാടനം ചെയ്തു. ഡോ.യൂഹാനോൻ മാർ ക്രിസ്റ്റമോസ് മെത്രാപ്പോലീത്താ, ഗീവർഗീസ് മാർ തെയൊഫിലോസ് മെത്രാപ്പോലീത്താ, ട്രസ്റ്റി സുനിൽ കോശി മാത്യു, സഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ കെ. വി. മാത്യു, ബിജു ശമുവേൽ എന്നിവർ പ്രസംഗിച്ചു.



ചെങ്ങന്നൂർ ഭദ്രാസന പ്രാർത്ഥനാ യോഗത്തിന്റെ 2023-24 പ്രവർത്തനോദ്ഘാടനം ഡോ. മാത്യൂസ് മാർ തിമോത്തിയോസ് നിർവഹിച്ചു. ബഥേൽ അരമനപ്പള്ളിയിൽ നടത്തിയ യോഗത്തിൽ ഭദ്രാസന പ്രാർത്ഥനായോഗം വൈസ് പ്രസിഡന്റ് ഫാ. രാജൻ വർഗ്ഗീസ് അദ്ധ്യക്ഷത വഹിച്ചു.

## റോബർട്ട് വി. തോമസിന് ഡോക്ടറേറ്റ്



സിവിൽ എഞ്ചിനീയറിംഗിൽ പിഎച്ച്ഡി (കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല) നേടിയ റോബർട്ട് വി. തോമസ്. എറണാകുളത്ത് കേരള സ്റ്റേറ്റ് നിർമിതി കേന്ദ്രം ഡപ്യൂട്ടി ചീഫ് എഞ്ചിനീയറാണ്. ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിലുള്ള ആശ്രയ ചാരിറ്റബിൾ സൊസൈറ്റിയുടെ ട്രഷററായി സേവനമനുഷ്ഠിക്കുന്നു. ചെങ്ങന്നൂർ കല്ലിശ്ശേരി മോടിയിൽ പരേതരായ എം. വി. തോമസിന്റെയും മേരിക്കുട്ടിയുടെയും മകനാണ്.